**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2745** **06-10-2025 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരിയിൽ പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് കുറിച്ചിയിൽ പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കുറിച്ചി പഞ്ചായത്തിലെ ഹോമിയോ കോളേജിന് സമീപമുള്ള സർക്കാർ പുറമ്പോക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഹോമിയോ കോളേജിനു സമീപത്തുള്ള പുറമ്പോക്ക് സ്ഥലം സബ്സ്റ്റേഷന് അനുയോജ്യമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. തുടർ സാദ്ധ്യതാ വിശകലനം നടന്നു വരുന്നു. |
| (സി) | പ്രസ്തുത സ്ഥലത്ത് കെ.എസ്.ഇ.ബി.യുടെ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | സബ്സ്റ്റേഷന്റെ സാങ്കേതിക സാധ്യത നിർണ്ണയിക്കുന്നതിനുള്ള സാങ്കേതിക പഠനത്തിനായുള്ള (Load Flow Study) വിവര ശേഖരണം പൂർത്തിയായി. സാങ്കേതിക പഠനത്തിന് ശേഷം സബ്സ്റ്റേഷന്റെ സാങ്കേതിക സാധ്യത ലഭിക്കുന്നതിനനുസരിച്ച് Detailed Project Report (DPR) തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ